## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5015** **14-03-2023 - ൽ മറുപടിയ്ക്ക്**

## താമരശ്ശേരി ചുരം കേബിൾ കാർ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. രാജ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സാഹസിക ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിനും പ്രസ്തുത പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സാഹസിക ടൂറിസം ഇന്ന് ലോകത്ത് ഏറ്റവും വളർച്ചയുള്ള ടൂറിസം മേഖലയാണ് . കേരളത്തിൽ സാഹസിക ടൂറിസം മേഖല വളർച്ചയുടെ പാതയിലാണ് . പർവ്വതങ്ങളും, കുന്നുകളും, ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായതാണ് . 2017 ലെ ടൂറിസം നയത്തിൽ സാഹസിക ടൂറിസം മേഖലയിലെ സാദ്ധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് .<br><br>സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു :-<br><br>കേരളത്തിൽ നിലവിൽ തിരുവനന്തപുരം ജില്ലയിൽ പാരാസെയിലിംഗും വാഗമണിൽ പാരാഗ്ലൈഡിംഗും ആരംഭിച്ചിട്ടുണ്ട് . വാഗമണിലെ അഡ്വഞ്ചർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജിൽ സ്വകാര്യ ഏജൻസിയുടെ സഹായത്തോടെ അഡ്വഞ്ചർ പാർക്ക് തുടങ്ങുന്നതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കോഴിക്കോട് ജില്ലയിലെ അരിപ്പയിൽ മലബാർ റിവർ ഫെസ്റ്റിവൽ വൈറ്റ് വാട്ടർ കയാക്കിംഗ് വേൾഡ് ചാമ്പ്യൻഷിപ്പ് നടത്തുന്നതിനായി 25.05.2022 ൽ 20 ലക്ഷം രൂപയുടെ ധനസഹായം സർക്കാർ നൽകിയിട്ടുണ്ട് . ഇതു പ്രകാരം ടെന്റർ മുഖേന KEL (Kerala Electrical & Allied Engg.Co. Ltd) നെ |

ചുമതലപ്പെടുത്തി പ്രവൃത്തി നടന്നു വരുന്നു. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ കഴിഞ്ഞു .

സംസ്ഥാന അഡ്വഞ്ചർ ടൂറിസത്തിന്റെയും ഉത്തരവാദിത്ത ടൂറിസം മിഷന്റെയും നേതൃത്വത്തിൽ സർഫിംഗ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയ യുവാക്കളെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റായി രൂപീകരിക്കുകയും അവരെ ചേർത്ത് കൊണ്ട് കേരളത്തിൽ ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിലുള്ള ആദ്യ സർഫിംഗ് അക്കാദമി ബേപ്പൂർ ഗോദീശ്വരം ബീച്ചിൽ രൂപീകരിച്ചിട്ടുണ്ട് . തിരുവനന്തപുരം ജില്ലയിലെ ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ അഡ്വഞ്ചർ ടൂറിസം കോഴ്സ് കഴിഞ്ഞ് സമാന മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന 14 യുവാക്കളെ കൂടി സംരംഭകരാക്കി ഡി.റ്റി.പി.സി. യുടെ സഹകരണത്തോടെ ആക്കുളം അഡ്വഞ്ചർ പാർക്ക് ആരംഭിച്ചിട്ടുണ്ട്

കേരളത്തിലെ ജലസാഹസിക ടൂറിസത്തിന് പുതിയ ദിശ കൈവരിക്കുന്നതിനായി ടൂറിസം വകുപ്പ് സംഘടിപ്പിച്ച ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിൽ കോഴിക്കോട് ഡി.റ്റി.പി.സി യോടൊപ്പം ചേർന്ന് ജല സാഹസികതയുടെ നൂതന ഇനങ്ങൾ കേരളത്തിനു പരിചയപ്പെടുത്തുകയുണ്ടായി .

യൂറോപ്പിലും മറ്റു വിദേശ രാജ്യങ്ങളിലും പ്രചാരത്തിലുള്ള ഹൈക്കിംഗ് ട്രെയൽസ് കേരളത്തിലെ എല്ലാ ജില്ലകളിലും മാപ്പ് ചെയ്യുന്നതിന് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ( കെ. എ. റ്റി. പി. എസ് ) ലക്ഷ്യമിടുന്നു . ഹൈക്കിംഗ് ആക്ടിവിറ്റികളിൽ എല്ലാ ആളുകൾക്കും പങ്കെടുക്കാൻ കഴിയുന്നതും നമ്മുടെ പ്രകൃതിയെ തൊട്ടറിയുന്നതിനും വേണ്ടിയുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് ഇതിലൂടെ കാണുന്നത് . നിലവിൽ മൂന്നാറിലെ ലക്ഷ്മി എസ്റ്റേറ്റിലെ ട്രയലും ഇരവികുളം നാഷണൽ പാർക്കിലെ ആനമുടി ട്രയൽ റൂട്ടും ഹൈക്കിംഗിനായുള്ള മാപ്പിംഗ് നടത്തിക്കഴിഞ്ഞു . കേരളത്തിൽ എല്ലാ ജില്ലകളിലുമായി 100 ൽ പരം ഹൈക്കിംഗ് ട്രയൽസ് മാപ്പ് ചെയ്യുന്നതിനാണ് കെ.എറ്റി.പി.എസ് . ലക്ഷ്യമിടുന്നത് .

സാഹസിക ടൂറിസം ഇനങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പരാഗ്ലൈഡിംഗ് നിലവിൽ വാഗമണിലും വർക്കലയിലും നടത്തിവരുന്നു. മൂന്നാറിലെ ചിന്നക്കനാൽ പ്രദേശത്ത് പരാഗ്ലൈഡിംഗ് ചെയ്യാൻ അനുകൂലമായ സ്ഥലവും കാലാവസ്ഥയുമുണ്ട് . മൂന്നാറിനെ ഒരു സ്ഥിരം പാരാഗ്ലൈഡിംഗ് ഡെസ്റ്റിനേഷനായി

| | | | |
|---|---|---|---|
| | | | ഉയർത്തിക്കൊണ്ട് നിലവിൽ വാഗമണിലും വർക്കലയിലും നടത്തിവരുന്നു. മൂന്നാറിലെ ചിന്നക്കനാൽ പ്രദേശത്ത് പരാഗ്ലൈഡിംഗ് ചെയ്യാൻ അനുകൂലമായ സ്ഥലവും കാലാവസ്ഥയുമുണ്ട് . മൂന്നാറിനെ ഒരു സ്ഥിരം പാരാഗ്ലൈഡിംഗ് ഡെസ്റ്റിനേഷനായി ഉയർത്തിക്കൊണ്ട് വരുന്നതിന്റെ ഭാഗമായി ടെസ്റ്റ് ഫ്ളൈ നടത്തുകയും മൂന്നാർ മുതൽ 65 സ്ക്വയർ കി.മീ. പരിധിയിൽ തമിഴ് നാടിന്റെ വിവിധ ഭാഗങ്ങൾ ഉൾപ്പെടുത്തി ക്രോസ്സ് കൺട്രി ഗ്ലൈഡിംഗിനും വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു . |
| (ബി) | വയനാട് ജില്ലയിൽ സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുന്നതിനായി നടപ്പാക്കുന്ന താമരശ്ശേരി ചുരം കേബിൾ കാർ പദ്ധതിയ്ക്ക് കേന്ദ്ര സഹായം ഉറപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം ശ്രമങ്ങളാണ് നടത്തി വരുന്നതെന്ന് അറിയിക്കാമോ; | (ബി) | ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച ചർച്ചകൾ തുടരുന്നു . |
| (സി) | പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്നും നിർമ്മാണ ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം |
| (ഡി) | പ്രസ്തുത പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും സുഗമമായ നടത്തിപ്പിനും എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | (ബി) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ